**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1225

21.3.2013 ൽ
മറുപടിയ്ക്ക്

## അരിവില നിയന്ത്രിക്കാനുള്ള നടപടികൾ

ചോദ്യം

ശ്രീ. പാലോട് രവി ;
ശ്രീ. സണ്ണി ജോസഫ് ;
ശ്രീ. വി.പി. സജീന്ദ്രൻ ;
ശ്രീ. ഹൈബി ഈഡൻ ;

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) അരിവില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് :

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബി.പി.എൽ/എ.എ.വൈ കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി. ഗ്രാം, 35 കി.ഗ്രാം എന്ന കണക്കിൽ ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 10 കി.ഗ്രാം അരിയും എ.പി.എൽ സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് 2 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും നൽകുന്നു. കൂടാതെ 4 മാസത്തേക്ക് (ജനുവരി മുതൽ ഏപ്രിൽ വരെ) പ്രത്യേക വിഹിതമായി ബി.പി.എൽ വിഭാഗത്തിന് 132725 മെ.ടൺ അരിയും 54211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ കാർഡുകാർക്ക് 25 കി.ഗ്രാം അരി 1 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് പുറമെ 5 കി.ഗ്രാം അരി 6.20 രൂപയ്ക്കും വിതരണം ചെയ്യുന്നു. 2009 ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ 2 രൂപ നിരക്കിൽ ലഭിക്കുന്ന 9 കി.ഗ്രാം അരിക്ക് പുറമെ 19 കി.ഗ്രാം അരി 6.20 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. അരി വില പൊതുവിപണിയിൽ വർദ്ധിച്ചതു മൂലം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് കഴിവതും ഒഴിവാക്കാൻ വേണ്ടി 1300-ഓളം സപ്ലൈകോ വിൽപ്പനശാലകൾ വഴി പ്രതിമാസം മട്ട അരി - 16 രൂപ , ജയ അരി - 21 രൂപ. കുറുവ അരി - 19 രൂപ, പച്ചരി - 16 രൂപ എന്നീ കണക്കിൽ കാർഡ് ഒന്നിന് 20 കി.ഗ്രാം അരി വീതം വിതരണം ചെയ്യുന്നുണ്ട്. ഇതുകൂടാതെ ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 , പച്ചരി 21 രൂപ നിരക്കിലും വിതരണം ചെയ്യുന്നു.

| | | | |
|---|---|---|---|
| ബി) | ഇതിനായി സപ്ലൈക്കോയുടെ നേതൃത്വത്തിൽ കൂടുതൽ അരിക്കട കൾ തുടങ്ങുന്ന കാര്യം പരിഗണന യിലുണ്ടോ ; | ബി) & സി) | അരിക്കട എന്നത് സപ്ലൈകോയിലെ ചില്ലറ വിൽപ്പനശാലകളിൽ ( മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പീപ്പിൾസ് ബസാറു കൾ, ഹൈപ്പർ മാർക്കറ്റുകൾ ) കൂടി ന്യായ വിലയ്ക്ക് ഗുണമേന്മയുള്ള വിവിധ ഇനം അരി പൊതുജനങ്ങൾക്ക് വിതരണം ചെയ്യു ന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ്. എല്ലാ സപ്ലൈകോ ചില്ലറ വിൽപ്പനശാല കളിലും അരിക്കട പദ്ധതി നിലവിലുണ്ട്. |
| സി) | എങ്കിൽ പ്രസ്തുത കടകളിലൂടെ ഗുണമേന്മയുള്ള അരി നൽകാൻ നടപടി സ്വീകരിക്കുമോ ; | | |
| ഡി) | പ്രതിമാസം നിശ്ചിത അളവിൽ അരി ഉപഭോക്താക്കൾക്ക് ലഭ്യമാക്കു മോ ? | ഡി) | ലഭ്യമാക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ